# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 35/PR/PIC/PHQ/18 Date : 20.02.2018

---

**കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിലേയ്ക്ക് പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.**

കേരള പോലീസിൽ സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സെൽ രൂപവത്കരിക്കുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ട്രാഫിക് ഉൾപ്പെടെ നിരവധി യൂണിറ്റുകളിലും ഫെയ്സ്ബുക്ക്, ട്വിറ്റർ ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഇപ്പോൾത്തന്നെ പോലീസിനുണ്ട്. ഇത് കൂടുതൽ ശക്തിപ്പെടുത്തുകയും വാട്സാപ്പ് പോലുള്ള സംവിധാനങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുകയും ചെയ്യും. സംസ്ഥാനത്ത് വിവിധ പോലീസ് പ്രവർത്തനങ്ങൾ സംബന്ധിച്ച് സോഷ്യൽ മീഡിയ വഴി കൂടുതൽ അവബോധം സൃഷ്ടിക്കുകയാണ് ലക്ഷ്യം. കംപ്യൂട്ടർ പരിഞ്ജാനവും, മലയാളം-ഇംഗ്ലീഷ് ഭാഷകൾ കൈകാര്യം ചെയ്യുന്നതിൽ പ്രഗത്ഭ്യവുമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു.

ഇതിനായി വിവരസാങ്കേതിക വിദ്യയിൽ അവഗാഹവും, ഇംഗ്ലീഷ്-മലയാളം ഭാഷകൾ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യവും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട നിയമവശങ്ങളിൽ പ്രാഗത്ഭ്യവുമുള്ള പോലീസുദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഏത് റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനും അപേക്ഷിക്കാം. വിശദമായ ബയോഡാറ്റ ഉൾപ്പെടെയുള്ള അപേക്ഷ ഫെബ്രുവരി 28 നകം തിരുവനന്തപുരം റേഞ്ച് ഐ ജിയുടെ മേൽവിലാസത്തിൽ ലഭിക്കണം. അപേക്ഷകരിൽ നിന്നും അനുയോജ്യരായവരെ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*************